## സെഷൻ–1

# തിരഞ്ഞെടുപ്പ് നടപടികൾ

## തിരഞ്ഞെടുപ്പ് വിജ്ഞാപനം

## മുതൽ മത്സരമില്ലാത്ത തിരഞ്ഞെടുപ്പുകളിലെ

## നടപടിക്രമം വരെ

# തിരഞ്ഞെടുപ്പ് നടപടികൾ

## ചുമതലകൾ ആർക്കെല്ലാം

I. **സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ (SEC)**

- വോട്ടർപ്പട്ടിക
  വാർഡുവിഭജനം
  തിരഞ്ഞെടുപ്പ്

  → നടത്തിപ്പ്
  → മേൽനോട്ടം
  → മാർഗ്ഗനിർദ്ദേശം
  → നിയന്ത്രണം

- ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്
- രാജി, അയോഗ്യത, കൂറുമാറ്റം } തർക്കങ്ങൾ തീരുമാനിക്കുന്നു

ഹൈക്കോടതി ജഡ്ജിയുടെ പദവി

## II. ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ (DEO)

**(KPRA.Sec.13, KMA.Sec71)**

❖ ജില്ലാകളക്ടർ (SEC നാമനിർദ്ദേശം ചെയ്യുന്നു)

- വോട്ടർപ്പട്ടിക തയ്യാറാക്കൽ
- വോട്ടർപ്പട്ടിക പുതുക്കൽ
- തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തികളും

} ഏകോപനം മേൽനോട്ടം

സഹായിക്കാൻ

- ഇലക്ഷൻ ഡപ്യൂട്ടി കലക്ടർമാർ
- മറ്റ് ഉദ്യോഗസ്ഥർ

# III.വരണാധികാരികൾ (RO)

- ഓരോ തദ്ദേശസ്ഥാപനത്തിനും ഒന്നോ അതില ധികമോ വരണാധികാരികൾ
  – സർക്കാരിന്റെ /ഘടകസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ
  – സർക്കാറുമായി ആലോചിച്ച് SEC നിയമിക്കുന്നു

ചുമതല

- തദ്ദേശസ്ഥാപനതല തിരഞ്ഞെടുപ്പ്
- ഔദ്യോഗിക ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്
- അവിശ്വാസ പ്രമേയ ചർച്ച

# വരണാധികാരി ചുമതലകൾ

- തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് പരിശീലനം
- നാമനിർദ്ദേശപത്രിക സ്വീകരണം
- സൂക്ഷ്മ പരിശോധന
- ചിഹ്നം അനുവദിക്കൽ
- ബാലറ്റ് പേപ്പർ അച്ചടി
- പോളിംഗ് സാമഗ്രികളുടെ വിതരണം
- വോട്ടെടുപ്പിനുള്ള മേൽനോട്ടം
- വോട്ടെണ്ണൽ
- ഫലപ്രഖ്യാപനം

# IV അസിസ്റ്റന്റ് വരണാധികാരി (ARO)

- ചുമതല– വരണാധികാരിയെ സഹായിക്കൽ
- സൂക്ഷ്മപരിശോധന
  - വരണാധികാരിക്ക് അസാധ്യമെങ്കിൽ മാത്രം
  - DEO വിനെ അറിയിക്കണം
  - DEO വിന്റെ നിർദ്ദേശപ്രകാരം പ്രവർത്തിക്കണം

    ഇങ്ങനെ ചെയ്യുമ്പോൾ ARO എന്ന പേരിൽ

    For RO എന്ന് എഴുതി ഒപ്പിടേണ്ട

# V തിരഞ്ഞെടുപ്പ് നിരീക്ഷകർ

- ഉയർന്ന സർക്കാർ ഉദ്യോഗസ്ഥർ
- SEC നിയമിക്കുന്നു

# തിരഞ്ഞെടുപ്പ് നടപടികൾ

## I. തിരഞ്ഞെടുപ്പ് പ്രഖ്യാപനം

- SEC പ്രഖ്യാപിക്കുന്നു
- തീയതികൾ നിശ്ചയിക്കുന്നു
- പെരുമാറ്റച്ചട്ടം നിലവിൽ വരുന്നു

## II. തിരഞ്ഞെടുപ്പ് വിജ്ഞാപനം

**KPRA Sec 49, KMA Sec 105** പ്രകാരം ഗസറ്റ് വിജ്ഞാപനം –**SEC** തീയതികൾ വിജ്ഞാപനം ചെയ്യുന്നു

- ✓ പത്രിക സ്വീകരിച്ചു തുടങ്ങുന്നു
- ✓ സ്വീകരിക്കുന്ന അവസാനദിവസം
- ✓ സൂക്ഷ്മപരിശോധന
- ✓ പിൻവലിക്കൽ
- ✓ വോട്ടെടുപ്പ് , വോട്ടെണ്ണൽ
- ✓ ഫലപ്രഖ്യാപനം

# III.പൊതുനോട്ടീസ്

- **KPRA Sec 50, KMA Sec 106** പ്രകാരം
- ഫോറം 1 ൽ
- അതാത് **RO** മാർ
- വിജ്ഞാപന തീയതിയിൽ
- എവിടെയെല്ലാം?
  - **RO** വിന്റെ ഓഫീസ് നോട്ടീസ് ബോർഡ്
  - തദ്ദേശസ്ഥാപന നോട്ടീസ് ബോർഡ്
  - **SEC** നിർദ്ദേശിക്കുന്ന മറ്റ് സ്ഥലങ്ങളിൽ
- ഏത് ഭാഷയിൽ
  - മലയാളത്തിൽ
  - കൂടാതെ **SEC** നിർദ്ദേശിക്കുന്ന ഭാഷയിൽ

# IV.നാമനിർദ്ദേശ പത്രിക സമർപ്പിക്കൽ

- എന്ന്
  - വിജ്ഞാപനമിറക്കുന്ന അന്ന് മുതൽ തുടർന്നുള്ള ഏഴ് ദിവസം
  - ഏഴാം ദിവസംഅവധി– തൊട്ടടുത്ത പ്രവൃത്തി ദിവസം
- എവിടെ
  - **RO/ARO** യുടെ മുമ്പാകെ,നോട്ടീസിൽ പറഞ്ഞ സ്ഥലത്ത് മാത്രം
- എപ്പോൾ
  - **11 am – 3 pm** മാത്രം
- ആര്
  - സ്ഥാനാർത്ഥി/സ്ഥാനാർത്ഥി നാമനിർദ്ദേശം ചെയ്യുന്ന യാൾ നേരിട്ട്

# നാമനിർദ്ദേശം ചെയ്യപ്പെടുന്നതിനുള്ള നിബന്ധനകൾ

- ഏത് LSGI ലേക്കാണോ അവിടുത്തെ ഒരു വാർഡിലെ വോട്ടറാകണം
- നാമനിർദ്ദേശം ഒരു വാർഡിലേക്ക് മാത്രം (ഒരാൾക്ക് 2 വാർഡിൽ മത്സരിക്കാൻ പറ്റില്ല)
- നാമനിർദ്ദേശം ചെയ്യുന്നയാൾ ആ നിയോജകമണ്ഡലത്തിലെ വോട്ടറാകണം
- 3 പത്രികകൾ വരെ സമർപ്പിക്കാം
- സ്ഥാനാർത്ഥിനിശ്ചിത ഫോറത്തിൽ സത്യപ്രസ്താവന ചെയ്യണം
  - RO വിന്റെ / SEC ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ മുമ്പാകെ

## നാമനിർദ്ദേശം ചെയ്യപ്പെടുന്നതിനുള്ള നിബന്ധനകൾ (തുടർച്ച)

- **ഫോറം 2 എ യിൽ**
  - വിദ്യാഭ്യാസ യോഗ്യത
  - ക്രിമിനൽ കേസ്
  - സ്വത്ത്
  - കുടിശ്ശിക– സർക്കാരിന് /LSGI ക്ക്
  - SEC നേരത്തെ അയോഗ്യത കല്പിച്ചത്

  } സംബന്ധിച്ച വിവരങ്ങൾ നൽകണം

- ഫോറം 2എ യിലുള്ള വിരങ്ങളുടെ പകർപ്പ്
  - ❑ പ്രസിദ്ധപ്പെടുത്തണം
  - ❑ മറ്റ് സ്ഥാനാർത്ഥികൾക്കും മാധ്യമങ്ങൾക്കും സൗജന്യമായി ലഭ്യമാക്കണം

- നിക്ഷേപത്തുക
  - **GP- 1000, BP, Muni 2000, DP, Corp-3000**
  - **SC, ST-50%**

# V.പത്രിക സ്വീകരിക്കൽ

- ഓരോ പത്രികയിലും ക്രമനമ്പർ ഇടണം
- തീയതി, സമയം, എഴുതി സർട്ടിഫിക്കറ്റ്
- പ്രാരംഭ പരിശോധന നടത്തണം
- ചെറിയ തെറ്റുകൾ ശരിപ്പെടുത്തണം
- അതാത് ദിവസം ലിസ്റ്റ് പ്രസിദ്ധീകരിക്കണം
- അവസാന ദിവസം ഫോറം 3ൽ ലിസ്റ്റ്
  - അത് ചെയ്യാതെ സൂക്ഷ്മ പരിശോധനാ സമയത്ത് തള്ളാൻ പാടില്ല (**KPRA 52, KMA 108**)
  - പണം അടച്ച രശീത് സസൂക്ഷ്മം പരിശോധിച്ച് യഥാവിധി അടച്ചുവെന്ന് ഉറപ്പ്രുത്തണം (**KPRA 53, KMA 109**)

# സ്ഥാനാർത്ഥി-യോഗ്യത, അയോഗ്യത

- വയസ്സ്- സമർപ്പിക്കുമ്പോൾ 21 പൂർത്തിയാകണം
- മറ്റ് കാര്യങ്ങൾക്ക് -പരിശോധന തീയതിയാണ് സമർപ്പിച്ച തീയതിയല്ല കണക്കാക്കുക (KPRA 55(2) (A), KMA 111(2)(A)
- സ്ഥാനാർത്ഥിയാകുന്നതിനുള്ള യോഗ്യതകൾ
- സ്ഥാനാർത്ഥിയാകുന്നതിനുള്ള അയോഗ്യതകൾ

സൂക്ഷ്മപരിശോധനക്ക് ശേഷം

ഫോറം 4 ൽ പട്ടിക തയ്യാറാക്കണം

# പട്ടികകളുടെ സൂക്ഷ്മപരിശോധന

- എന്ന്?

  നിശ്ചയിക്കപ്പെട്ട ദിവസം അവധിയെങ്കിൽ തൊട്ടടുത്ത ദിവസം

- ആര്?

  വരണാധികാരി

- ആർക്ക് പങ്കെടുക്കാം

  – സ്ഥാനാർത്ഥിക്ക്, സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് ഏജന്റിന്, നിർദ്ദേശകന്, രേഖാമൂലം അധികാരപ്പെടുത്തിയ മറ്റൊരാൾക്ക്

- എല്ലാവരുടെയും എല്ലാവർക്കും പരിശോധിക്കാം
- ഒന്നിലധികം പത്രികയുണ്ടെങ്കിൽ എല്ലാം ഒരുമിച്ച് തന്നെ പരിശോധിക്കണം
- ചെറിയ തെറ്റുകൾ ശരിപ്പെടുത്താം

# തടസ്സവാദങ്ങൾ, അന്വേഷണം

- തടസ്സവാദമുന്നയിച്ചാൽ
  - അന്വേഷണം നടത്തണം
  - സാധു/അസാധു തീരുമാനിച്ച് ഉത്തരവാക്കണം
  - തള്ളിയാൽ- കാരണം രേഖപ്പെടുത്തണം
  - തടസ്സവാദം നിരാകരിച്ചാൽ ഉന്നയിച്ചയാൾക്ക് തീരുമാന ത്തിന്റെ പകർപ്പ്
- സൂക്ഷ്മപരിശോധന
  - അർദ്ധനീതിന്യായ സ്വഭാവമുള്ളത്
  - ന്യായാധിപന്റെ ഉയർന്ന മാനദണ്ഡങ്ങൾ പാലിക്കണം

  തീരുമാനം – നിർഭയം, നിഷ്പക്ഷം

തീരുമാനം –കോടതിയിൽ ചോദ്യം ചെയ്യാം

# നിരസിക്കുന്നതിനുള്ള കാരണങ്ങൾ

- അയോഗ്യനാക്കുക
- സമയം വൈകി നൽകുക
- ഒന്നിലധികം മണ്ഡലത്തിൽ സമർപ്പിക്കുക
- നിശ്ചിതസ്ഥലത്തല്ലാതെ നൽകുക
- നിശ്ചിത ഫോറത്തിലല്ലാതിരിക്കുക
- ഒപ്പ് ഇടാതിരിക്കുക, വ്യാജമാക്കുക (സ്ഥാനാർത്ഥി, നാമനിർദ്ദേശകൻ)
- നിർദ്ദേശകൻ വാർഡിലെ വോട്ടറല്ല
- നിർദ്ദേശകൻ യോഗ്യനല്ല
- നിക്ഷേപത്തുക കെട്ടിവയ്ക്കാതിരിക്കുക
- സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ ചെയ്തില്ല

# നിരസിക്കുന്നതിനുള്ള കാരണങ്ങൾ (തുടർച്ച)

- സംവരണ മണ്ഡലത്തിലേക്ക് ആ വിഭാഗത്തിൽപ്പെട്ടയാൾ അല്ലാതിരിക്കുക
- **KPRA Sec 30, KMA Sec 86** ൽ പറയുന്ന സ്ഥാപനത്തിലെ ജീവനക്കാരനാകുക
- പത്രികയിൽ വയസ്സ് രേഖപ്പെടുത്താതിരിക്കുക
- സ്ഥാനാർത്ഥി/നിർദ്ദേശകൻ ഒപ്പിടേണ്ട ഇടങ്ങളിലെല്ലാം ഒപ്പിടാതിരിക്കുക
- **KPRA Sec 52(5)** പ്രകാരം സമർപ്പിക്കേണ്ട വോട്ടർ പട്ടിക ഹാജരാക്കാതിരിക്കുക
  - ഒരാളുടെ എല്ലാം തള്ളിയാൽ ഉടനെ കാരണം രേഖപ്പെടുത്തി പകർപ്പ് നൽകണം
  - ഒന്ന് സ്വീകരിക്കുക മറ്റുള്ളവ തള്ളുക
  - ആവശ്യപ്പെട്ടാൽ പകർപ്പ് നൽകണം

# നിരസിക്കാൻ പാടില്ലാത്ത സാഹചര്യങ്ങൾ

- **KPRA Sec 55(1), KMA Sec 111(1)** ൽ പറഞ്ഞവർ പരിശോധനക്ക് വന്നില്ല
- സാങ്കേതിക/എഴുത്ത് പിശകുകൾ
  - തിരഞ്ഞെടുപ്പ് വർഷം
  - നിയോജകമണ്ഡലത്തിന്റെ പേര്
  - വോട്ടർപ്പട്ടികയിലെ നമ്പർ
  - ചിഹ്നത്തിന്റെ തിരഞ്ഞെടുക്കൽ
  - വയസ്സ്, പേര് എന്നിവയിലെ ചില പൊരുത്തക്കേടുകൾ
- നിരസിക്കൽ
  - ഗുരുതരമായി ന്യൂനതകൾ ഉണ്ടെങ്കിൽ മാത്രം (**KPRA Sec 55(4), KMA Sec 111(4)**
  - പത്രിക സ്വീകരിക്കുമ്പോൾ തിരുത്തിക്കേണ്ടത് ചെയ്യാതെ സൂക്ഷ്മപരിശോധന സമയത്ത് തള്ളരുത്

# സൂക്ഷ്മപരിശോധന നീട്ടിവെയ്ക്കൽ

- നീട്ടിവെയ്ക്കാൻ പാടില്ല

  എന്നാൽ

  – ലഹള, അക്രമം, തടസ്സം, വിഘ്നാതം ഉണ്ടായാൽ നീട്ടി വെയ്ക്കാം
  – ആക്ഷേപം – വരണാധികാരി, മറ്റൊരാൾ ഉന്നയിച്ചാൽ
  – ബന്ധപ്പെട്ട സ്ഥാനാർത്ഥിക്ക് അത് ഖണ്ഡിക്കുന്നതിന് അടുത്തതിന്റെ അടുത്ത ദിവസം വരെ സമയം നൽകാം
- പ്രസ്തുത ദിവസം RO തീരുമാനം രേഖപ്പെടുത്തണം

# VII.സ്ഥാനാർത്ഥികളുടെ ലിസ്റ്റ്

- സൂക്ഷ്മപരിശോധന കഴിഞ്ഞാൽ
- നിയമാനുസൃതമായി നാമനിർദ്ദേശം ചെയ്യപ്പെട്ട സ്ഥാനാർത്ഥികളുടെ ലിസ്റ്റ്
  - ഫോറം 4 ൽ തയ്യാറാക്കണം
  - RO വിന്റെ നോട്ടീസ് ബോർഡിലിടണം
  - SEC ന് അയ്ക്കണം– (പിൻവലിക്കുന്നതിനുള്ള അവസാനദിവസത്തിന് മുമ്പ് കിട്ടണം)

# പേരുകൾ പട്ടികയിലും ബാലറ്റ് പേപ്പറിലും

- പട്ടികയിലും ബാലറ്റ് പേപ്പറിലും ഒരു പോലെ
- മലയാള അക്ഷരമാല ക്രമത്തിൽ
- പേരിന്റെ ആദ്യക്ഷര ക്രമത്തിൽ (സ്വന്തം പേരോ കൂടെ യുള്ള ചുരുക്കപ്പേരോ ആകാം)
- പേരിന് മുമ്പുള്ള ആദ്യാക്ഷരങ്ങൾ അവഗണിക്കണം
- ഒന്നിലധികം പേർക്ക് പേര് ഒരേ പോലെ വന്നാൽ

(തൊഴിൽ/വീട്ടുപേര്/മറ്റ് മാർഗ്ഗം സ്വീകരിച്ചു വ്യത്യാസം കാണിക്കണം (1955 ലെ തിര.ചട്ടം 28 (4) )

- പേരിനൊപ്പം അധിക വിവരങ്ങൾ ചേർക്കാം( തൊഴിൽ/മാന്യ/വിദ്യാഭ്യാസം/പാരമ്പര്യപരമായ ) എന്നാൽ അക്ഷരമാല ക്രമം നിശ്ചയിക്കുന്നതിന് പരിഗണിക്കില്ല

# VII സ്ഥാനാർത്ഥിത്വം പിൻവലിക്കൽ

- പിൻവലിക്കൽ നോട്ടീസ്
- ഫോറം 5 ൽ
- സ്ഥാനാർത്ഥി ഒപ്പിട്ട് ROക്ക് നൽകണം
- നിശ്ചയിക്കപ്പെട്ട ദിവസം 3 pm ന് മുമ്പ്
- അവധിയെങ്കിൽ തൊട്ടടുത്ത പ്രവൃത്തിദിവസം
- സമയം കഴിഞ്ഞവ സാധുത ഇല്ല
- ഫോറം 5 ൽ RO പൂരിപ്പിക്കേണ്ട ഭാഗം പൂരിപ്പിക്കണം
- ഫോറത്തോടൊപ്പമുള്ള രശീതി നൽകണം
- ഫോറം–5 ഏജൻറിന് / ഒന്നിലധികമുണ്ടെങ്കിൽ നിർദ്ദേശകന് } സ്ഥാനാർത്ഥിയുടെ അധികാരപത്രത്തോടെനൽകാം

# IX. മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ പട്ടിക

- ഫോറം 6 ൽ തയ്യാറാക്കണം
- പിൻവലിക്കൽ ദിവസം 3 മണി കഴിഞ്ഞാൽ
- RO വിന്റെ ഓഫീസിൽ പ്രസിദ്ധീകരിക്കണം
- സ്ഥാനാർത്ഥിക്ക്/ ഏജന്റിന് നൽകണം
- പേരും, ചിഹ്നവും സഹിതം SEC ന് ഫാക്സ്/ദൂതൻ മുഖേന ലഭ്യമാക്കണം
- ഒരു സ്ഥാനാർത്ഥി മാത്രമെങ്കിൽ– വിജയിയായി പ്രഖ്യാപിക്കണം

## X. തിരിച്ചറിയൽ കാർഡ്

- സ്ഥാനാർത്ഥികൾക്ക് നിശ്ചിതമാതൃകയിൽ തിരിച്ചറിയൽ കാർഡ് നൽകണം

## XI. മാതൃകാ പെരുമാറ്റച്ചട്ടങ്ങളും അവയുടെ പാലനവും

## XII. അഴിമതി, കുറ്റകൃത്യം-ശ്രദ്ധ ക്ഷണിക്കൽ

- ശ്രദ്ധ ക്ഷണിക്കൽ നോട്ടീസ്

അഴിമതി, തിരഞ്ഞെടുപ്പ് കുറ്റകൃത്യം, അയോഗ്യത സംബന്ധിച്ച നിയമവ്യവസ്ഥകൾ ചൂണ്ടികാട്ടി സ്ഥാനാർത്ഥിക്ക് നോട്ടീസ് നൽകണം

# XIII.ചിഹ്നം അനുവദിക്കൽ

- എല്ലാവർക്കും ചിഹ്നം നൽകണം
- കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ അംഗീകാരം നൽകി ചിഹ്നം അനുവദിച്ചിട്ടുള്ള കക്ഷികളുടെ സ്ഥാനാർത്ഥികൾക്ക് –വ്യവസ്ഥ
- കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കക്ഷികളുടെ സ്ഥാനാർത്ഥികൾക്ക് –വ്യവസ്ഥകൾ
- മറ്റ് സ്ഥാനാർത്ഥികൾക്ക് വ്യവസ്ഥകൾ

## XIV.തിരഞ്ഞെടുപ്പ് ഏജന്റുമാരുടെ നിയമനം

- സ്ഥാനാർത്ഥിക്ക് ഏജന്റിനെ നിയമിക്കാം
- നിയമനം- ഫോറം 8 ൽ (2 പ്രതി)
- ഒരു പ്രതിയിൽ **RO** നിയമനം അംഗീകരിച്ച ഒപ്പും മുദ്രയും വച്ച് നൽകണം
- ഏജന്റിനെ പിൻവലിക്കൽ- ഫോറം -9 ൽ
- മത്സരിക്കുന്നതിന് അയോഗ്യതയുള്ളയാൾക്ക് ഏജന്റാകാൻ പാടില്ല

## XV.മത്സരമില്ലാത്ത തിരഞ്ഞെടുപ്പുകളിലെ നടപടിക്രമം